No. 81/Est/2017

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3/5068/17/സിഇ/തസ്വഭവ

തീയതി : 27.06.2017

# സർക്കുലർ

വിഷയം:- SULEKHA Software-ൽ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് -സംബന്ധിച്ച്

2017 - 18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ജൂൺ 15 നകം അംഗീകാരം വാങ്ങണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ എഞ്ചിനീയറിംഗ് പ്രോജക്ടുകളും സുലേഖ സോഫ്റ്റ് വെയർ മുഖാന്തിരം അപ് ലോഡ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടുള്ളതാണ്. പല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും പദ്ധതി രൂപീകരണത്തിനുണ്ടായ കാലതാമസം കാരണം കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സമയം ലഭിക്കാത്തതിനാൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റുകൾ പ്രകാരമാണ് സുലേഖ സോഫ്റ്റ് വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് വിവിധ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ഒറിജിനൽ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരം തയ്യാറാക്കുമ്പോൾ പ്രൈസ് സോഫ്റ്റ് വെയറിലെയും, സുലേഖ സോഫ്റ്റ് വെയറിലെയും വിവരങ്ങൾ വ്യത്യാസമായതിനാൽ സുലേഖയിൽ എഡിറ്റ് ചെയ്യുന്നതിന് അനുമതി വേണമെന്ന് ആവശ്യപ്പെട്ടിരുന്നതാണ്. മേൽ സാഹചര്യത്തിൽ സുലേഖ എഡിറ്റ് ചെയ്യുന്നതിനും അനുമതി നൽകുന്നതിനുമുള്ള സംവിധാനമുണ്ടാക്കുവാൻ ഇൻഫർമേഷൻ കേരള മിഷൻ - ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ വിവിധ ഓഫീസുകളിൽ നിന്നും ഉന്നയിച്ച സംശയങ്ങൾക്ക് താഴെ പറയുന്ന വിശദീകരണം നൽകി ഉത്തരവാകുന്നു.

1. ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ലോഗിനിൽ ലഭിക്കുന്നതാണ്. ടി പ്രോജക്ടുകൾ അംഗീകാരത്തിനായി വെറ്റിംഗ് ഓഫീസർക്ക് മാർഗ്ഗരേഖ പ്രകാരം നൽകേണ്ടതാണ്. ടി പ്രോജക്ടിൽ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ഫീൽഡുകളും സാമ്പത്തിക ഫീൽഡുകളും ഒഴികെയുള്ളവയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ വെറ്റിംഗ് ഓഫീസർ "Return for modification" ഓപ്ഷൻ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് മടക്കി നൽകേണ്ടതാണ്. ആവശ്യമായ മാറ്റങ്ങൾ വരുത്തിയ ശേഷം ടി പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ അംഗീകാരത്തിനായി വെറ്റിംഗ് ഓഫീസർക്ക് തിരികെ സമർപ്പിക്കേണ്ടതാണ്. ടി സൗകര്യം ഉടൻ തന്നെ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതായിരിക്കും.
2. മാർഗ്ഗരേഖ പ്രകാരം സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ തന്നെ ടി പ്രോജക്ടുകൾക്ക് അംഗീകാരം (വെറ്റിംഗ് / അപ്രൂവൽ) നൽകേണ്ടതാണ്. 07.06.2017 -

ലെ കോർഡിനേഷൻ കമ്മിറ്റിയുടെ 2.7 നമ്പർ തീരുമാന പ്രകാരം മേൽ വിഷയത്തിൽ കൂടുതൽ മാർഗ്ഗ നിർദ്ദേശം സർക്കാർ നൽകിയിട്ടുള്ളതാണ്.

3. എസ്റ്റിമേറ്റിന്റെ അടങ്കലനുസരിച്ച് വെറ്റിംഗ് ഓഫീസറിനെ തെരഞ്ഞെടുക്കുന്നതിനുള്ള ഓപ്ഷൻ ഇൻഫർമേഷൻ കേരള മിഷൻ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതാണ്.

മേൽ പ്രകാരം മുഴുവൻ എഞ്ചിനീയർമാരും നിശ്ചിത സമയത്തിനകം ആവശ്യമായ തിരുത്തലുകൾ വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എൻജിനീയർ

Sa/